# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4670** **26/10/2016** -ൽ മറുപടിക്ക്

# ജലവിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.ദിവാകരൻ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ജലവിതരണ പദ്ധതികൾ നടപ്പിലാക്കിയെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇനി പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

(എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം സർക്കിളിനു കീഴിൽ കല്ലിയൂർ, വെങ്ങാനൂർ പഞ്ചായത്തുകൾക്കും വിഴിഞ്ഞം കോർപ്പറേഷൻ ഏരിയയ്ക്കും കോവളം ടൂറിസ്റ്റ് ഏരിയയ്ക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഭാഗീകമായി പൂർത്തീകരിച്ചു. കോട്ടയം സർക്കിളിനു കീഴിൽ മണിമല ശുദ്ധ ജല പദ്ധതി ഭാഗീകമായി പൂർത്തീകരിച്ചു. പത്തനംതിട്ട സർക്കിളിനു കീഴിൽ പന്തളം ശുദ്ധജലവിതരണ പദ്ധതിയും പൂർത്തീകരിച്ചിട്ടുണ്ട്.

തൃശൂർ ജില്ലയിൽ ഏറിയാട്-എടവിലങ്ങ് പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖല ദീർഘിപ്പിക്കൽ പദ്ധതിയുടെ പണികൾ പൂർത്തീകരിച്ചു കുടിവെള്ളം വിതരണം ചെയ്തു വരുന്നു. ഇനി പൂർത്തീകരിക്കാനുള്ള പദ്ധതികൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

ജലനിധി രണ്ടാംഘട്ട പദ്ധതിയിൻകീഴിൽ 76 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചു. ഗുണഭോക്താക്കളെ തുടർ നടത്തിപ്പിനായി ഏല്പിച്ചിട്ടുണ്ട്. ആയതിന്റെ ഗ്രാമ പഞ്ചായത്തു തിരിച്ചുള്ള കണക്കും നിലവിൽ പൂർത്തീകരിക്കാനുള്ള 944 പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധം-2-ൽ ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

JSK/